"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി - പുതിയ ഗുണഭോക്താക്കളുടെ **"ആധാർ സീഡിംഗ്"** നടത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(കൈ) നം.75/2025/AGRI    തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-    1. സ.ഉ. (കൈ) നം. 107/2024/കൃഷി, തീയതി 14/10/2024.

2. സ.ഉ. (കൈ) നം. 133/2024/കൃഷി, തീയതി 27/11/2024.

**<u>ഉത്തരവ്</u>**

പരാമർശം (1) & (2) പ്രകാരം മറ്റേതെങ്കിലും പെൻഷൻ വാങ്ങുന്നവർ ചെറുകിട നാമമാത്ര കർഷക പെൻഷന് അർഹരല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ആകെ 6202 പുതിയ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുന്നതിലേക്കായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ ഡാറ്റ ബേസിലെ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കാൻ സാമൂഹ്യ ക്ഷേമ /ബോർഡ് പെൻഷൻകാരുടെ ആധാർ സീഡിംഗ് ആവശ്യമായതിനാൽ, ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ പുതിയതായി ചേർക്കേണ്ട പെൻഷൻ ഗുണഭോക്താക്കളുടെ **"ആധാർ സീഡിംഗ്"** നടത്തേണ്ടതാണെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പരാമർശിത സർക്കാർ ഉത്തരവുകൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) & (2) ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർഖാൻ.എസ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം (കൃഷി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ (അഗ്രി-ബി) വകുപ്പ് (06.05.2025-ലെ അഗ്രി-ബി1/214/2023-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ) വകുപ്പ്
സ്റ്റോക് ഫയൽ/ ഓഫീസ് കോപ്പി (AGRI-PB1/48/2024)

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
Date: 13-06-2025 13:10:10
സെക്ഷൻ ഓഫീസർ